LIBRARY ARCHIVES Kerala Legislative Assembly

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ

275(4285) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജനുവരി മുതൽ നാളിതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന എത്ര തൊഴിലവസരങ്ങൾ നികത്താൻ സാധിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇവയിൽ സ്ഥിരം, താൽക്കാലിക തൊഴിലവസരങ്ങൾ എത്ര വീതമെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

(എ&ബി) 1-1-2016 മുതൽ 31-3-2021 വരെയുള്ള കാലയളവിൽ വിവിധ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ 53997 ഒഴിവുകൾ [സ്ഥിരം-10814, താൽക്കാലികം- 43183] എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തിയിട്ടുണ്ട്. കൂടാതെ സ്വകാര്യ മേഖലയിലെ 107440 ഒഴിവുകളും ഇക്കാലയളവിൽ നികത്തുകയുണ്ടായി. 1-4-2021 മുതൽ നാളിതുവരെയുള്ള വിവരങ്ങളും ജില്ല തിരിച്ചുള്ള വിവരങ്ങളും ശേഖരിച്ചുവരുന്നു.

(സി) ഇക്കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടായിരുന്നുവെന്നും അവയിൽ നിയമനം നടത്തുകയുണ്ടായോയെന്നും വ്യക്തമാക്കുമോ?

നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിനുകീഴിൽ 2016 ജനുവരി മുതൽ നാളിതുവരെ 573 ഒഴിവുകൾ ഉണ്ടാകുകയും ആയതിൽ 567 ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുകയും ചെയ്തു. ബാക്കിയുള്ള 6 ഒഴിവുകളിലേയ്ക്ക് നിയമനത്തിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു

അംഗപരിമിതരായ ഉദ്യോഗാർത്ഥികൾക്ക് പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

276(4286) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-11-2016-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 174/2016/തൊഴിൽ പ്രകാരം സംസ്ഥാനത്തെ അംഗപരിമിതരായ ഉദ്യോഗാർത്ഥികൾക്ക് വേണ്ടിയുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി (തിരുവനന്തപുരം, നെയ്യാറ്റിൻകര, കൊല്ലം, കോട്ടയം, എറണാകുളം, കോഴിക്കോട്) എന്നീ ഓഫീസുകൾ മുഖേന കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ എത്ര ഉദ്യോഗാർത്ഥികൾക്ക് ഏതെല്ലാം വിഷയങ്ങളിൽ വൊക്കേഷണൽ & കരിയർ ഗൈഡൻസ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുകൊണ്ട് എത്ര ഉദ്യോഗാർത്ഥികൾക്ക് പ്രയോജനം ഉണ്ടായിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം പ്രയോജനങ്ങൾ ലഭിച്ചുവെന്ന് വെളിപ്പെടുത്താമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം ഉദ്യോഗാർത്ഥികളുടെ വൈകല്യം, യോഗ്യതകൾ, താത്പര്യം, കഴിവ്, മനോഭാവം എന്നിവ പരിഗണിച്ച് രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കാൻ ഏതെല്ലാം ഓഫീസുകളിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

വൊക്കേഷണൽ & കരിയർ ഗൈഡൻസിൽ പങ്കെടുത്ത ഉദ്യോഗാർത്ഥികളെയും കൈവല്യ ഘടക പദ്ധതികളിൽ പങ്കെടുക്കാൻ താല്പര്യം പ്രകടിപ്പിച്ചിട്ടുള്ള ഉദ്യോഗാർത്ഥികളെയും ഉൾക്കൊള്ളിച്ചുകൊണ്ട് 200 പേരുടെ ഡാറ്റാ ബാങ്ക് നെയ്യാറ്റിൻകര ഭിന്നശേഷിക്കാർക്കായുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ തയ്യാറാക്കിയിട്ടുണ്ട്. കൊല്ലം, എറണാകുളം ഭിന്നശേഷിക്കാർക്കായുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഉദ്യോഗാർത്ഥികളുടെ കഴിവ്, മനോഭാവം എന്നിവ പരിഗണിച്ചുകൊണ്ടുള്ള ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കരിയർ ഡെവലപ്മെന്റ് സെന്ററുകൾ

277(4287) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ അനുബന്ധമായി കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്; കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളുടെ എക്സ്റ്റെൻഷൻ സെന്ററുകളായി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പമാണ് പ്രവർത്തിക്കുന്നത്. ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസ മേഖലയിലെയും തൊഴിൽ മേഖലയിലെയും നൂതന പ്രവണതകളെക്കുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും അറിവും പരിശീലനവും നൽകി ഉന്നത വിദ്യാഭ്യാസവും

* അനുബന്ധം നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.